**QP CODE**
**H1065**

**Enrollment Number: ..................**

**Name: ...................................**

# BA DEGREE EXAMINATIONS, FEBRUARY 2026

## Fifth Semester

## B.A. Malayalam Language and Literature

## B21ML06DE – ഗുരുപ്രഭാവം

**(2022 admissions)**

**(Supplementary/Improvement)**

**Time: 3 Hours** **Max Marks: 70**

### സെക്ഷൻ എ

**ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റ വാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക. ഒരു മാർക്ക് വീതം**

1. ഇസ്ലാം ധർമ്മപരിപാലനസംഘം രൂപീകരിച്ചത് ആര്?
2. സി. കേശവന്റെ ആത്മകഥയുടെ പേരെന്ത്?
3. ശ്രീനാരായണഗുരുവിന്റെ പുസ്തകങ്ങൾ ആദ്യമായി ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തത് ആര്?
4. വിദ്യാവിലാസിനി സമാജം രൂപീകരിച്ചത് ആര്?
5. പാലിയം സത്യാഗ്രഹം നടന്ന വർഷം ഏത് ?
6. കുണ്ഡലിനി പാട്ടിന്റെ മറ്റൊരു പേര് ?
7. ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കാൻ പാടില്ല എന്ന കൽപ്പന ഇറക്കിയ ദിവാൻ ആര്?
8. ഗുരുവായൂർ സത്യാഗ്രഹം നടന്ന വർഷം ഏത് ?
9. എസ്.എൻ.ഡി.പിയുടെ ആദ്യത്തെ ജനറൽ സെക്രട്ടറി ആരായിരുന്നു?
10. ശ്രീനാരായണഗുരു നടത്തിയ സർവ്വമതസമ്മേളനത്തിന്റെ സന്ദേശം എന്തായിരുന്നു?
11. അരുവിപ്പുറം പ്രതിഷ്ഠ നടത്തിയ വർഷവും തീയതിയും എഴുതുക?
12. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ചത് ആര് ?
13. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ നേതാവ് ആരായിരുന്നു ?
14. ഊരുട്ടമ്പലം സർക്കാർ സ്കൂളിൽ ചേർക്കാൻ അയ്യങ്കാളി കൊണ്ടുപോയ പെൺകുട്ടിയുടെ പേര് എന്തായിരുന്നു?
15. ശ്രീനാരായണഗുരുവിന്റെ ജന്മസ്ഥലം ഏതാണ്?

**(1X10=10)**

### സെക്ഷൻ ബി

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതം**

16. ചാന്നാർ ലഹളയുടെ അനന്തരഫലങ്ങൾ എന്തെല്ലാം ?
17. 'അറിവ്' എന്ന കൃതിയുടെ പ്രമേയമെന്ത്?

18. തൊണ്ണൂറാമാണ്ട് ലഹളയുടെ പ്രത്യേകത എന്തായിരുന്നു ?
19. ശ്രീനാരായണഗുരുവും മഹാത്മാഗാന്ധിയും തമ്മിലുള്ള സംഭാഷണം മുന്നോട്ടുവച്ച പുതുബോധമെന്ത്?
20. അദ്വൈതം എന്ന പ്രയോഗം കൊണ്ട് ശ്രീനാരായണഗുരു അർത്ഥമാക്കുന്നതെന്ത് ?
21. അധ:സ്ഥിത ജനവിഭാഗത്തിന്റെ സ്കൂൾ പ്രവേശനത്തിൽ അയ്യങ്കാളി വഹിച്ച പങ്കെന്ത്?
22. 'അനുകമ്പാദശകം' എന്ന കൃതി മുന്നോട്ടു വയ്ക്കുന്ന ദർശനം എന്താണ് ?
23. സഹോദര സംഘത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?
24. അരുവിപ്പുറം പ്രതിഷ്ഠയുടെ ചരിത്രപ്രാധാന്യമെന്ത്?
25. ആർ.ശങ്കർ നടത്തിയ സാമൂഹിക പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

**(2X5=10)**

## സെക്ഷൻ സി

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതം.**

26. ഗുരുവിന്റെ സംസ്കൃത കൃതികൾ മുന്നോട്ടു വച്ച പ്രബോധനങ്ങൾ സമഗ്രമായി വിവരിക്കുക?
27. ആറാട്ടുപുഴ വേലായുധപ്പണിക്കരുടെ സംഭാവനകൾ വിലയിരുത്തുക.
28. കാളീനാടകം എന്ന കൃതി മുന്നോട്ടു വയ്ക്കുന്ന ദർശനമെന്ത്? വിശകലനം ചെയ്യുക.
29. എന്താണ് ദളവാക്കുളം സംഭവം?
30. ബുദ്ധദർശനത്തിന്റെ സ്വാധീനം ശ്രീനാരായണഗുരുവിൽ എങ്ങനെയാണ് ദൃശ്യമാകുന്നത്?
31. ഡോ. പല്പുവിന്റെ സാമുദായിക പരിഷ്കരണ പ്രവർത്തനങ്ങൾ വിശദീകരിക്കുക .
32. ചട്ടമ്പിസ്വാമിയും ശ്രീനാരായണഗുരുവും തമ്മിലുള്ള ആത്മബന്ധം സാമൂഹിക നവോത്ഥാനത്തെ എങ്ങനെ സ്വാധീനിച്ചു ?വിശദമാക്കുക.
33. ശ്രീനാരായണ ധർമ്മ പരിപാലന യോഗം സ്ഥാപിക്കുന്നതിലേക്കു നയിച്ച സാഹചര്യങ്ങൾ എന്തെല്ലാം ?
34. സി. വി. കുഞ്ഞുരാമൻ പത്രപ്രവർത്തന രംഗത്ത് നൽകിയ സംഭാവനകൾ എന്തെല്ലാം ? വിവരിക്കുക.
35. ആലുവ സർവ്വമതസമ്മേളനത്തിലൂടെ ഗുരു ഉയർത്തിയ ആശയങ്ങൾ വിവരിക്കുക.
36. കൊളോണിയൽ ആധുനികതയിൽ വിദ്യാഭ്യാസരംഗത്തും സാമൂഹിക- സാംസ്കാരിക രംഗത്തും ഉണ്ടായ നവോത്ഥാന പ്രവർത്തനങ്ങൾ മിഷണറിമാരുമായി ബന്ധപ്പെട്ടിരിക്കുന്നു - ഈ അഭിപ്രായത്തിന്റെ സാംഗത്യം വിമർശനാത്മകമായി പരിശോധിക്കുക.
37. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിന്റെ ചരിത്ര പ്രാധാന്യമെന്ത് ?

**(5X6=30)**

## സെക്ഷൻ ഡി

**ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പത്ത് മാർക്ക് വീതം**

38. വർത്തമാനകാല സാഹചര്യത്തിൽ ശ്രീ നാരായണഗുരുചിന്തകളുടെ പ്രസക്തി വിശകലനം ചെയ്യുക.
39. നവോത്ഥാനചരിത്രത്തിൽ അടയാളപ്പെട്ട ജാതിവിരുദ്ധ സമരങ്ങളുടെ സാമൂഹിക സാഹചര്യങ്ങൾ വിശകലനം ചെയ്യുക.

**QP CODE**
**H1065**

40. ശ്രീനാരായണഗുരുവിന്റെ ചിന്തകൾ നടപ്പിൽ വരുത്താൻ അദ്ദേഹത്തിന്റെ ശിഷ്യർ നടത്തിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുക.
41. ശ്രീനാരായണഗുരുവിന്റെ  സാഹിത്യസംഭാവനകൾ ക്രോഡീകരിക്കുക.

**(10X2=20)**